# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *7** — **26/09/2016-ൽ മറുപടിക്ക്**

## വിലനിയന്ത്രണപട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ ദൗർലഭ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി.തോമസ്**<br>**ശ്രീ.വി.ടി.ബൽറാം** | | **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പമന്ത്രി) | |
| എ) | വിലനിയന്ത്രണപട്ടികയിൽ ഉൾപ്പെടുത്തി വിലകുറച്ച മിക്ക മരുന്നുകളും സംസ്ഥാനത്ത് വിപണിയിൽ ലഭ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | അസംസ്കൃത വസ്തുക്കളുടെ (Rawmaterials) വിപണനത്തിനും സംഭരണത്തിനും കർശനമായ നിയന്ത്രണങ്ങളുള്ളതിനാൽ വിലനിയന്ത്രണപട്ടികയിൽ ഉൾപ്പെടുത്തിയ ചില മരുന്നുകളുടെ ദൗർലഭ്യം ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം മരുന്നുകളുടെ ഉല്പാദനവും വിതരണവും മരുന്ന് കമ്പനികൾ നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | നിർമ്മിച്ചുകൊണ്ടിരിക്കുന്ന മരുന്ന് ഉൽപ്പന്നങ്ങൾ മതിയായ കാരണങ്ങൾ ഇല്ലാതെയും നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെയും നിർത്തലാക്കാൻ മരുന്ന് കമ്പനികൾക്ക് നിയമപരമായി സാധിക്കുകയില്ല. ആയതിനാൽ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്ന മരുന്നുകൾ സംസ്ഥാനത്ത് വിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകൾക്ക് ക്ഷാമം നേരിടുന്ന പക്ഷം വിശദാംശങ്ങൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ച് ആയത് വിപണിയിൽ ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. |
| സി) | ഉണ്ടെങ്കിൽ ഇത്തരം മരുന്ന് കമ്പനികളുമായി ചർച്ച ചെയ്ത് മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഇത്തരം മരുന്നുകൾ വിപണിയിൽ ലഭ്യമല്ലാത്തതിനാൽ ബുദ്ധിമുട്ടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി) | ജനിതക രോഗമായ വിൽസൺ ഡിസീസിന് ഉപയോഗിക്കുന്ന പെൻസിലാമിൻ കാപ്സ്യൂൾ എന്ന ഉല്പന്നത്തിന്റെ ക്ഷാമം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ ഇത് അസംസ്കൃത വസ്തുവിന്റെ ഇറക്കുമതിയിലുള്ള ദൗർലഭ്യം മൂലമാണ് എന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ആയത് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനായി |

നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി, ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) എന്നിവർക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിപ്പ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ